എം 2/7540 /2019/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി: 13.03.2019.

ഫോൺ: 0471-2580595; msndpi@gmail.com.

# വിജ്ഞാപനം

വിഷയം :- പൊതു വിദ്യാഭ്യാസം - ഹിന്ദി ഡിപ്ലോമ ഇൻ ലാംഗേജ് എഡ്യൂക്കേഷൻ കോഴ്സ് (സ്വാശ്രയം) 2019 -2020 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായി നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും നിർദ്ദഷ്ട ഫോറത്തിൽ അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച് -

ഹിന്ദി ഡിപ്ലോമ ഇൻ ലാംഗേജ് എഡ്യൂക്കേഷൻ കോഴ്സ് 2019 - 2020 അദ്ധ്യയന വർഷത്തേയ്ക്ക് (സ്വാശ്രയം) പ്രവേശനം ലഭിക്കുന്നതിനു വേണ്ടി താഴെ പറയുന്ന സെന്ററുകളിലേയ്ക്ക് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്ന് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ ക്ഷണിയ്ക്കുന്നു. കോഴ്സിന്റെ കാലാവധി ഒരു വർഷമാണ്. സർക്കാർ അനുവദിച്ചിട്ടുള്ള ആകെ സീറ്റിൽ 50% മെറിറ്റ് ക്വാട്ടയിലും 50% മാനേജ്മെന്റ് ക്വാട്ടയിലും എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നടത്തുന്നത്. എന്നിരുന്നാലും നിശ്ചിത ശതമാനം അപേക്ഷകൾ മെറിറ്റ് ക്വാട്ടയിൽ ഇല്ലയെങ്കിൽ എൻട്രൻസ് പരീക്ഷ ഒഴിവാക്കി മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതായിരിക്കും. WP(C) 12888/13-ന്റെ ഉത്തരവിനു വിധേയമായി പ്രായപരിധിയിൽ മാറ്റം വരാവുന്നതാണ്.

സ്ഥാപനങ്ങൾ :

1. മലബാർ ഹിന്ദി പ്രചാരകേന്ദ്രം, കൊണ്ടോട്ടി, മലപ്പുറം - 60 സീറ്റ്
2. ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട - 60 സീറ്റ്
3. പെർഫക്ട് ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണ, മലപ്പുറം - 60 സീറ്റ്

## 1. യോഗ്യതകൾ :

1. കേരള ഗവൺമെന്റ് നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്ല്യമായ യോഗ്യതാ പരീക്ഷയോ പാസ്സായിരിക്കണം
2. ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ നടത്തുന്ന "പ്രവീൺ" പരീക്ഷയോ/കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന സാഹിത്യാചാര്യയോ/ബി.എ(ഹിന്ദി)/എം.എ(ഹിന്ദി)യോ കുറഞ്ഞത് 50% മാർക്ക് നേടി വിജയിച്ചിരിക്കണം. (ഒ.ബി.സി വിഭാഗക്കാർ 45% മാർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ യോഗ്യതാ പരീക്ഷ വിജയിക്കുകയും ചെയ്താൽ മതി).

## 2. പ്രായപരിധി

അപേക്ഷകർ 01.05.2019 ൽ 17 വയസ്സ് തികഞ്ഞിരിക്കേണ്ടതും 35 വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 5 വർഷവും മറ്റു പിന്നോക്ക സമുദായക്കാർക്ക് 3 വർഷവും ഇളവ് അനുവദിക്കുന്നതാണ്. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ്സ്, മിലിട്ടറി സർവ്വീസ് എന്നിവയും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതിന് പരിഗണിക്കും.

3. അപേക്ഷാ ഫീസ്

അപേക്ഷകർ "0202-01-102-92 മറ്റിനങ്ങളിൽ നിന്നുള്ള വരവുകൾ" എന്ന ശീർഷകത്തിൽ 5/- രൂപ ചെലാൻ അപേക്ഷ ഫീസിനത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ ഫീസടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (അപേക്ഷാഫീസ് ഡിമാന്റ് ഡ്രാഫ്റ്റായോ മറ്റേതെങ്കിലും രീതിയിലോ അടയ്ക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല).

4. അപേക്ഷിക്കേണ്ടതിന്റെ രീതി

1. നിശ്ചിത ഫാറത്തിൽ തന്നെ അപേക്ഷ സമർപ്പിക്കണം. കോളങ്ങൾ ഒന്നും തന്നെ ഒഴിവാക്കിയിടാൻ പാടില്ല. ബാധകമല്ലാത്ത കോളങ്ങൾ ബാധകമല്ല. എന്ന് പൂരിപ്പിക്കേണ്ടതാണ്.
2. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ തുന്നി കെട്ടി അയക്കേണ്ടതാണ്.
   എ) അപേക്ഷാഫീസ് ഇനത്തിൽ ട്രഷറിയിൽ ചെല്ലാൻ ഒടുക്കിയതിന്റെ അസ്സൽ,
   ബി) എസ്സ്.എസ്സ്.എൽ.സി.യുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (യോഗ്യത, ജനനതീയതി, ജാതി ഇവ തെളിയിക്കുന്നതിനുള്ള രേഖകൾ)
   സി) പ്രവീൺ/സാഹിത്യാചാര്യ/ബി.എ(ഹിന്ദി)/എം.എ(ഹിന്ദി)പരീക്ഷ പാസ്സായതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റേയും മാർക്ക് ലിസ്റ്റിന്റേയും പകർപ്പുകൾ.
   ഡി).അപേക്ഷയിൽ മറ്റെന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ തെളിവുകൾക്കായി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
4. ഹിന്ദി പരീക്ഷ പാസ്സായതിന് തെളിവായി ഹിന്ദി അദ്ധ്യാപകർ നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.

6. ഫീസ് വിവരം

പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന ഫീസ് കൃത്യമായും അതാത് സെന്ററുകളിൽ അടയ്ക്കേണ്ടതാണ്.

| | | |
|---|---|---|
| എ. അഡ്മിഷൻ ഫീസ് | - | 100 രൂപ |
| ബി. ട്യൂഷൻ ഫീസ് | - | 1000 രൂപ (പ്രതിമാസം) |
| സി. ഡവലപ്മെന്റ് ഫീസ് | - | 3000 രൂപ (പ്രതിവർഷം) |

7. തെരഞ്ഞെടുപ്പ് രീതി

അപേക്ഷകർ അവരുടെ സ്വന്തം ചെലവിൽ പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷക്കിരിക്കേണ്ടതാണ്. ഓരോ റവന്യൂ ജില്ലാ ആസ്ഥാനത്തും പ്രവേശന പരീക്ഷാകേന്ദ്രം ഉണ്ടായിരിക്കും. ഒരു ജില്ലയിൽ നിശ്ചിത എണ്ണം അപേക്ഷകരില്ലെങ്കിൽ അവർ അടുത്ത ജില്ലാ കേന്ദ്രത്തിൽ പരീക്ഷയ്ക്കിരിക്കണം. ഹിന്ദി രചന, തർജ്ജിമ, വ്യാകരണം എന്നിവയിലെ അഭിരുചി പരിശോധിക്കുന്ന തരത്തിലായിരിക്കും പരീക്ഷ. പരീക്ഷയുടെ സമയവും തീയതിയും യഥാസമയം പരീക്ഷ സെക്രട്ടറി പരീക്ഷാഭവനിൽ നിന്നും അറിയിക്കുന്നതായിരിക്കും.

പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കിന്റേയും റാങ്കിന്റേയും അടിസ്ഥാനത്തിൽ സംവരണ റൊട്ടേഷന് വിധേയമായിട്ടായിരിക്കും തെരഞ്ഞെടുപ്പ് നടത്തുന്നത്. മാനേജ്മെന്റ് ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട ട്രെയിനിംഗ് സ്കൂൾ മാനേജർക്ക് നൽകേണ്ടതാണ്.

എന്നിരുന്നാലും സ്വീകാര്യമായ അപേക്ഷകരുടെ എണ്ണം നിശ്ചിത ശതമാനത്തിനു താഴെയാണ് ലഭിക്കുന്നതെങ്കിൽ പ്രവേശന പരീക്ഷ ഒഴിവാക്കി യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതായിരിക്കും. ആയതിനാൽ അപേക്ഷയോടൊപ്പം യോഗ്യതാപരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ എല്ലാ പാർട്ടിന്റേയും സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഹാജരാക്കേണ്ടതാണ്.

8. <u>നിബന്ധനകൾ</u>

1. അപേക്ഷകൾ **30.04.2019** വൈകുന്നേരം 5 മണിക്കു മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം, പിൻ – 695014 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. നിശ്ചിത തിയതിക്കു ശേഷം ലഭിക്കുന്നതും ന്യൂനതകൾ ഉള്ളതുമായ അപേക്ഷകൾ പരിഗണിയ്കുന്നതല്ല.
2. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഫോട്ടോ കോപ്പികൾ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. അല്ലാത്തവ നിരസിയ്ക്കുന്നതാണ്.
3. തെരഞ്ഞെടുക്കപ്പെടുന്നവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ ബന്ധപ്പെട്ട സെന്ററിൽ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
4. അപേക്ഷകൾ ഉള്ളടക്കത്തോടൊപ്പം തുന്നികെട്ടി അയ്ക്കേണ്ടതാണ്. മൊട്ടുസൂചി കുത്താൻ പാടില്ല.
5. പ്രവേശന പരീക്ഷക്കിരിക്കുന്നവർ, തെരഞ്ഞെടുക്കപ്പെട്ടാലും പിന്നീട് അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് തെളിഞ്ഞാലോ, മതിയായ മറ്റു യോഗ്യതകൾ ഇല്ലെന്ന് കണ്ടാലോ പ്രവേശനം അസാധുവാക്കാനുള്ള അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. അപേക്ഷകർ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടോ ഇല്ലയോ എന്നുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ തീർപ്പ് അന്തിമമായിരിക്കും. അതിൻമേൽ കത്തിടപാടുകൾ നടത്തുന്നതല്ല.
6. സെലക്ഷൻ സംബന്ധിച്ച് വ്യക്തികളുമായോ, ഏതെങ്കിലും സംഘടനകളുമായോ പൊതുവിദ്യാഭ്യാസ ഡയറക്ടർ കത്തിടപാടുകൾ നടത്തുന്നതല്ല. വിശദാംശങ്ങൾ എല്ലാ സെന്ററുകളിലും ഇ-മെയിൽ മുഖേന ലഭ്യമാകുന്നതും <u>www.education.kerala.gov.in</u> എന്ന വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതുമാണ്.

6. ട്രെയിനിംഗിനു ശേഷം നിയമനം നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ബാദ്ധ്യസ്ഥനല്ല.
7. കൈയ്യൊപ്പ് രേഖപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിയ്ക്കുന്നതായിരിക്കും.

ജെസ്സി ജോസഫ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ
(ഇൻ-ചാർജ്)

<u>സ്വീകർത്താവ്</u> :

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. സെക്രട്ടറി, പരീക്ഷാഭവൻ പൂജപ്പുര, തിരുവനന്തപുരം
5. ബന്ധപ്പെട്ട സ്വാശ്രയ ഹിന്ദി ഡിപ്ലോമ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾമാർക്ക്

<u>പകർപ്പ്</u>

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

# <u>അനുബന്ധം</u>

## 2019 - 2020 വർഷത്തെ ഡിപ്ലോമാ ഇൻ ലാംഗേജ് എഡ്യൂക്കേഷൻ (ഹിന്ദി) സ്വാശ്രയ കോഴ്സിനുള്ള അപേക്ഷ

1. പൂർണ്ണമായ പേരും മേൽവിലാസവും ഇ-മെയിൽ അഡ്രസ്സും (പിൻകോഡ് ഉൾപ്പെടെ മലയാളത്തിലും ഇംഗ്ലീഷിലും വലിയ അക്ഷരത്തിൽ) :

2. ജനനതീയതി :

3. **01.05.2019 ൽ പൂർത്തിയാകുന്ന വയസ്സ്** :

4. വിദ്യാഭ്യാസ യോഗ്യതയും ലഭിച്ച മാർക്കും (സർട്ടിഫിക്കറ്റിന്റേയും മാർക്ക് ലിസ്റ്റിന്റേയും എല്ലാ പാർട്ടിന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കണം) :

5. യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ശതമാനം :

6. (എ) ജാതി /മതം :

   (ബി) പട്ടികജാതി /പട്ടികവർഗ്ഗം/ഒ.ബി.സി/ ആണോയെന്ന്

7. മിലിട്ടിറി സേവനമുണ്ടെങ്കിൽ അതിന്റെ കാലയളവ് (സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

8. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ് ഉണ്ടെങ്കിൽ കാലയളവ് (എ.ഇ.ഒ യിൽ നിന്നോ ഡി.ഇ.ഒ യിൽ നിന്നോ കിട്ടുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

9. അപേക്ഷകർ ഒടുക്കിയ ഫീസ് ചെല്ലാൻ തീയതിയും നമ്പരും ട്രഷറിയുടെ പേരും

10. അപേക്ഷകർ പ്രവേശന പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന ജില്ല :

11. അഡ്മിഷൻ ലഭിക്കുവാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പേര് (മുൻഗണനാക്രമത്തിൽ)
    1.
    2
    3.

12. അപേക്ഷകൻ ഭിന്നശേഷിക്കാരനാണോ (ആണെങ്കിൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

13. ഉള്ളടക്കത്തിന്റെ ലിസ്റ്റ് :

അപേക്ഷകന്റെ ഒപ്പ്

സ്ഥലം :

തീയതി :